**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6 28-01-2019-ൽ മറുപടിയ്ക്ക്

**<u>വനിത മതിൽ</u>**

**<u>ചോദ്യം</u>**

ശ്രീ.കെ.മുരളീധരൻ
ശ്രീ.അനിൽ അക്കര
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.ഷാഫി പറമ്പിൽ

**<u>മറുപടി</u>**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സർക്കാർ പിന്തുണയോടെ നടത്തിയ വനിത മതിൽ സമൂഹത്തിൽ ആരോഗ്യകരമല്ലാത്ത ചേരിതിരിവ് സൃഷ്ടിക്കപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) | യാതൊരു ചേരിതിരിവും സൃഷ്ടിക്കപ്പെട്ടിട്ടില്ല. എല്ലാ വിഭാഗവും അണിനിരന്നതും പിന്തുണ നൽകിയതുമായിരുന്നു വനിതാമതിൽ |
| (ബി) | ഇത്തരം പരിപാടികളിലൂടെ കേരള നവോത്ഥാനത്തിന്റെ പിതൃത്വം ഏതെങ്കിലും സമുദായത്തിനോ സംഘടനകൾക്കോ മാത്രം നൽകുന്നത് ചരിത്രപരമായി ശരിയാണോ; വിശദമാക്കാമോ: | (ബി) | കേരള നവോത്ഥാനത്തിന്റെ പിതൃത്വം ഏതെങ്കിലും സമുദായത്തിനോ സംഘടന കൾക്കോ മാത്രം അവകാശപ്പെട്ടതല്ല. എന്നാൽ നവോത്ഥാനപാരമ്പര്യമുള്ള ചില സംഘടനകൾ നിർണ്ണായക ഘട്ടത്തിൽ അത്തരം പാരമ്പര്യങ്ങളെ കൈവെടിഞ്ഞു വെന്ന് കാണാവുന്നതാണ്. |
| (സി) | സർക്കാർ മുൻകൈയെടുത്ത്, നവോത്ഥാ നത്തിന്റെ പ്രാണേതാക്കളും പ്രചാരക രുമായി ചിലരെ മാത്രം വാഴിക്കുക്യും നവോത്ഥാന മൂല്യങ്ങളുടെ അവകാശിക ളായി ചില സംഘടനകളെ മാത്രം ചിത്രീകരിക്കുകയും ചെയ്തത് വസ്തുതാ പരമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ:വിശദീകരിക്കാമോ | (സി) | നവോത്ഥാനമൂല്യങ്ങൾക്ക് തിരിച്ചടിയേൽക്കുന്ന ചില പ്രവർത്തനങ്ങൾ ചില സംഘടനകൾ ആസൂത്രിതമായി നടത്തുന്ന സാഹച ര്യമുണ്ടായപ്പോൾ നവോത്ഥാന പാരമ്പര്യമുള്ള സംഘടനകൾ നാടിന്റെ നവോത്ഥാന മൂല്യം സംരക്ഷിക്കുന്നതിന് തയ്യാറായി മുന്നോട്ട് വരികയാണുണ്ടായത്. അതിനെ പിന്തുണയ്ക്കുന്ന സമീപനം സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | വനിത മതിൽ സംബന്ധിച്ച് സർക്കാർ വിളിച്ചുചേർത്ത യോഗങ്ങളിൽ ഒരു പ്രത്യേക വിഭാഗത്തിൽപ്പെടുന്ന സംഘടന നേതാക്കളെ മാത്രം വിളിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഡി) | സ്ത്രീ-പുരുഷ സമത്വം എന്ന ഭരണഘടന മുന്നോട്ട് വയ്ക്കുന്ന മൗലികാവകാശത്തിന് എതിരായും നവോത്ഥാന മൂല്യങ്ങൾക്ക് എതിരായും ഹിന്ദുമത വിഭാഗത്തിനകത്ത് പ്രതിലോമകരമായ വിഭാഗീയത സൃഷ്ടിച്ച് നവോത്ഥാന മൂല്യങ്ങളും മതനിരപേക്ഷതയും തകർക്കാർ ചില സംഘങ്ങൾ ശ്രമിച്ചപ്പോൾ നവോത്ഥാന പാരമ്പര്യമുള്ളവർ ഉൾപ്പെടെയുള്ള ഹിന്ദുസംഘടനകളുടെ യോഗം സർക്കാർ വിളിച്ചുചേർക്കുകയാണുണ്ടായത് . നവോത്ഥാന ആശയങ്ങളോട് യോജിപ്പുള്ള എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തി നിലവിലുള്ള നവോത്ഥാന മൂല്യ സംരക്ഷണ സമിതി വിപുലീകരിക്കാനും വിപുലമായ ബോധവൽക്കരണ പരിപാടികൾ തുടർന്നും നടത്താനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ